# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1278 04.02.2019 ൽ മറുപടിയ്ക്ക്

## ഹിന്ദു- വിശ്വകർമ്മ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഹിന്ദു-വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് 2015- 2016 വർഷത്തിനു ശേഷം അർഹതപ്പെട്ട സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്ന് കാണിച്ച് വിശ്വകർമ്മ സഭ മേഖലാ കമ്മിറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് 2015- 16 മുതലാണ് ഡി.ബി.റ്റി മോഡിൽ വിതരണം ചെയ്തു തുടങ്ങിയത്. എന്നാൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച പ്രശ്നങ്ങൾ കാരണം വിതരണം ചെയ്ത തുകയിൽ പകുതിയിലധികവും നിരസിക്കപ്പെട്ടിരുന്നു. അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി ബാങ്കിൽ നിന്നും വിദ്യാർത്ഥികളുടെ ബെനിഫിഷറി ഐഡി ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് അതാത് സ്കൂളുകളുമായി ബന്ധപ്പെട്ട് ശരിയായ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും സ്കൂളുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പരാതിയ്ക്ക് ഇടയാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; പരാതി പരിഹരിക്കുന്നതിനും അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഒ.ബി.സി വിദ്യാർത്ഥികൾക്ക് 50% കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് അനുവദിക്കുന്ന ടി പദ്ധതിയിൽ 2014- 15 വരെ സ്കോളർഷിപ്പ് സ്കൂൾ പ്രധാനാധ്യാപകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്തിരുന്നത്. എന്നാൽ കേന്ദ്ര സ്കോളർഷിപ്പുകൾ ഡി.ബി.റ്റി. മോഡിൽ വിതരണം ചെയ്യേണ്ടതുള്ളതിനാൽ 2015- 16 മുതൽ |

സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. എസ്.ബി.റ്റി, എസ്.ബി.ഐ ലയനം, അക്കൗണ്ട് നമ്പറിലെ ന്യൂനതകൾ, അക്കൗണ്ട് ലൈവ് അല്ലാത്ത അവസ്ഥ, സീറോ ബാലൻസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിലെ നിയന്ത്രണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ വിതരണം ചെയ്ത തുകയിൽ പകുതിയിലധികവും നിരസിക്കപ്പെടുകയുണ്ടായി. പ്രസ്തുത തുകകൾ അതാത് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി രണ്ട് താൽക്കാലിക ജീവനക്കാരെ സർക്കാർ അനുമതിയോടെ നിയമിക്കുകയും അതാത് സ്കൂളുകളുമായി ബന്ധപ്പെട്ട് അക്കൗണ്ട് സംബന്ധമായ ന്യൂനതകൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ